**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3200** **25-10-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാകിരണം പദ്ധതിയിലൂടെ കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാകിരണം പദ്ധതിയിൽ സംസ്ഥാനത്ത് നാളിതുവരെ എത്ര കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്; | (എ) | ബഹു.മുഖ്യമന്ത്രി വിദ്യാകിരണം പദ്ധതിയുടെ പോർട്ടൽ 2021 ആഗസ്റ്റ് 4 നാണ് ഉദ്ഘാടനം ചെയ്തത്. 2021 ജൂലൈ 26 വരെ 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റത്തിലൂടെ ശേഖരിച്ച കണക്ക് പ്രകാരം 4,72,445 കുട്ടികൾക്ക് ഓൺലൈൻ വിദ്യാഭ്യാസത്തിൽ പങ്കെടുക്കുന്നതിന് സാമൂഹ്യപങ്കാളിത്തത്തോടെ മാത്രം ഉപകരണങ്ങൾ ലഭ്യമാക്കേണ്ട വിഭാഗത്തിലായിരുന്നു. എന്നാൽ ഒക്ടോബർ 12 വരെയുള്ള കണക്ക് പ്രകാരം പ്രസ്തുത കുട്ടികളുടെ എണ്ണം 3,55,471 ആണ്. 'വിദ്യാകിരണം' പോർട്ടൽ വഴിയുള്ള പർച്ചേസ് നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത നടപടികൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ 1,16,974 കുട്ടികൾക്ക് സാമൂഹ്യപങ്കാളിത്തത്തോടെ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമായി എന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതോടൊപ്പം 'വിദ്യാശ്രീ' പദ്ധതിയിൽ ലഭ്യമായ 45313 ലാപ്ടോപ്പുകൾ വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്യാനും അതുവഴി മുഴുവൻ പട്ടികവർഗ വിഭാഗം വിദ്യാർത്ഥികൾക്കും ലാപ്ടോപ്പുകൾ നൽകാനും സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ വിതരണം ഉടൻ ആരംഭിക്കും. |
| (ബി) | ജില്ല അടിസ്ഥാനത്തിലുള്ള കണക്ക് പ്രത്യേകം വിശദമാക്കാമോ? | (ബി) | തിരുവനന്തപുരം - 974 കൊല്ലം - 1243 പത്തനംതിട്ട - 846 ആലപ്പുഴ - 762 കോട്ടയം - 966 ഇടുക്കി - 2355 എറണാകുളം - 938 തൃശ്ശൂർ - 2095 പാലക്കാട് - 7575 മലപ്പുറം - 2792 കോഴിക്കോട് - 1196 വയനാട് - 17129 കണ്ണൂർ - 2804 കാസറഗോഡ് - 3638 |

സെക്ഷൻ ഓഫീസർ